കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനം

151 (5556) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി:
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ പ്രവർത്തനം എന്തെന്ന് വിശദമായി വെളിപ്പെടുത്തുമോ ;

(ബി) ഈ കമ്മീഷനിൽ എത്ര അംഗങ്ങൾ ഉണ്ട് ; ഇവർ ആരൊക്കെ എന്ന് പേരു സഹിതം വെളിപ്പെടുത്തുമോ ; ഇവർ എന്നാണ് ജോലിയിൽ പ്രവേശിച്ചത് ;

(സി) പ്രസ്തുത കമ്മീഷൻ എന്നാണ് നിലവിൽ വന്നത് ; കാലാവധി എന്നുവരെയാണ് ;

(ഡി) ഇതിലെ ചെയർമാനും, മെമ്പർമാരും ഉൾപ്പെടെ ഓരോ ഉദ്യോഗസ്ഥരും ക്ലാർക്ക്, പ്യൂൺ മുതലായവരും റ്റി.എ.,ഡി.എ. മറ്റ് അലവൻസുകളും ഇനത്തിൽ ഓരോ മാസവും കൈപ്പറ്റുന്ന തുകകൾ എത്ര വീതമെന്ന് വിശദമാക്കുമോ ;

(ഇ) പ്രസ്തുത കമ്മീഷൻ നിലവിൽ വന്നതുകൊണ്ട് ബോർഡിനുള്ള നേട്ടങ്ങളും കോട്ടങ്ങളും എന്തൊക്കെ ഉണ്ടെന്ന് വിശദമാക്കുമോ ;

(എഫ്) പ്രസ്തുത കമ്മീഷന്റെ കീഴിൽ എത്ര വാഹനങ്ങൾ ഉണ്ട് ; വാഹനങ്ങളുടെ പേരു വിവരം വിശദമാക്കുമോ ;

(ജി) സർക്കാർ സർവ്വീസിൽ നിന്നും പെൻഷൻ പറ്റിയ എത്ര ഉദ്യോഗസ്ഥർ ഈ കമ്മീഷനിൽ മെമ്പർമാരും ഉദ്യോഗസ്ഥരുമായി ഉണ്ട് ; ഇവർ ആരെല്ലാമെന്ന് പേര് സഹിതം വിശദമാക്കുമോ ?

ഉത്തരം

(എ) താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് കമ്മീഷൻ നടത്തുന്നത്,

1. സംസ്ഥാന ഇലക്ട്രിസിറ്റി ജനറേഷൻ, ട്രാൻസ്മിഷൻ, വീലിംഗ് എന്നിവയ്ക്ക് വേണ്ടിയുള്ള താരിഫ് നിർണ്ണയിക്കുക. (ഹോൾ സെയിൽ ബൾക്ക് റിട്ടെയിൽ ഉൾപ്പെടെ).

2. സംസ്ഥാനത്ത് വിതരണം ചെയ്യുന്നതിന് ഡിസ്ട്രിബ്യൂഷൻ ലൈസൻസി ജനറേറ്റിംഗ് കമ്പനികളിൽ നിന്നും മറ്റ് ലൈസൻസികളിൽ നിന്നും വൈദ്യുതി വാങ്ങുന്നത് റെഗുലേറ്റ് (നിയന്ത്രണം) ചെയ്യുകയും അതിന്റെ വില നിശ്ചയിക്കുകയും ചെയ്യുക.

LIBRARY ARCHIVES Kerala Legislative Assembly

3. സംസ്ഥാനത്തിനകത്ത് ട്രാൻസ്മിഷനും വീലിംഗും നടത്തുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കാനുള്ള നിർദ്ദേശങ്ങൾ നൽകുക.

4. സംസ്ഥാനത്ത് വൈദ്യുതി ഡിസ്ട്രിബ്യൂഷൻ, ട്രാൻസ്മിഷൻ, ട്രേഡിംഗ് നടത്തുന്നതിനുള്ള ലൈസൻസുകൾ നൽകുക.

5. കോജനറേഷനും, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിൽ നിന്നുള്ള വൈദ്യുതി ഉൽപ്പാദനവും അഭിവൃദ്ധിപ്പെടുത്തുക.

6. ലൈസൻസികളും ജനറേറ്റിംഗ് കമ്പനികളുമായി ഉണ്ടാക്കുന്ന തർക്കങ്ങൾ അഡ്ജൂഡിക്കേറ്റ് ചെയ്യുക, ഇവ ആർബിട്രേഷന് സമർപ്പിക്കുക.

7. ഇലക്ട്രിസിറ്റി ആക്ട് 2003, പ്രകാരമുള്ള ഫീസ് ഈടാക്കുക.

8. സംസ്ഥാന ഗ്രിഡ് കോഡ് പ്രസിദ്ധീകരിക്കുക.

9. ക്വാളിറ്റി, കണ്ടിന്യൂയിറ്റി, റിലയബിലിറ്റി എന്നിവയ്ക്ക് ലൈസൻസി സ്റ്റാൻഡേർഡ് നിശ്ചയിക്കുകയും അത് നടപ്പിലാക്കുകയും ചെയ്യുക.

10. സംസ്ഥാനത്തിനകത്ത് നടക്കുന്ന ഇലക്ട്രിസിറ്റി ട്രേഡിംഗിന് വേണമെന്ന് തോന്നിയാൽ ട്രേഡിംഗ് മാർജിൻ നിശ്ചയിക്കുക.

11. ഇലക്ട്രിസിറ്റി ആക്ട്, 2003-ൽ നിഷ്കർഷിച്ചിട്ടുള്ള മറ്റ് പ്രവർത്തനങ്ങൾ നടത്തുക.

12. സംസ്ഥാന ഗവൺമെന്റിന് താഴെപ്പറയുന്ന കാര്യങ്ങളിൽ ഉപദേശം നൽകുക.

I.ഇലക്ട്രിസിറ്റി വ്യവസായത്തിൽ കോമ്പറ്റിഷൻ, എഫിഷ്യൻസി, എക്കണോമി എന്നിവ പ്രോത്സാഹിപ്പിക്കുക.

II.ഇലക്ട്രിസിറ്റി വ്യവസായത്തിൽ നിക്ഷേപം പ്രോത്സാഹിപ്പിക്കുക.

III.സംസ്ഥാനത്തെ ഇലക്ട്രിസിറ്റി വ്യവസായം റീ-ഓർഗനൈസ് ചെയ്യുക. റീ-സ്ട്രക്ചർ ചെയ്യുക.

IV.വൈദ്യുതി ജനറേഷൻ, ട്രാൻസ്മിഷൻ, ഡിസ്ട്രിബ്യൂഷൻ, ട്രേഡിംഗ് തുടങ്ങിയ കാര്യങ്ങളും ഗവൺമെന്റ് റെഫർ ചെയ്യുന്ന മറ്റേത് വിഷയവും.

(ബി) കമ്മീഷനിൽ മൂന്ന് അംഗങ്ങളാണ് ഉള്ളത്.

1. ശ്രീ. കെ. ജെ. മാത്യു, ചെയർമാൻ - 5-5-2009 മുതൽ
2. ശ്രീ. അബ്ദുള്ള, മെമ്പർ - 5-9-2005 മുതൽ
3. ശ്രീ. എം. പി. അയ്യപ്പൻ, മെമ്പർ - 15-12-2005 മുതൽ

(സി) കേരള വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ റെഗുലേറ്ററി കമ്മീഷൻ ആക്ട് 1998 സബ്സെക്ഷൻ (1) സെക്ഷൻ 17 അനുസരിച്ച് ജി.ഒ.(എം എസ്.) 34/2002/പി.ഡി. തീയതി 14-11-2002 ഗവൺമെന്റ് ഉത്തരവ് പ്രകാരം നിലവിൽ വന്നു. കമ്മീഷൻ അംഗങ്ങളുടെ കാലാവധി അഞ്ച് വർഷമോ 65 വയസ്സു വരെയോ ആണ്.

(ഡി) 1-4-2010 മുതൽ 30-6-2010 വരെയുള്ള കണക്കുകൾ താഴെ പറയുന്ന പ്രകാരമാണ്. (വിമാനയാത്ര ചെലവുകൾ ഉൾപ്പെടെ ടി.എ./ഡി.എ.)

LIBRARY ARCHIVES Kerala Legislative Assembly

നം.	ഉദ്യോഗപ്പേര്	ഏപ്രിൽ	മേയ്	ജൂൺ	തുക
1	കെ. ജെ. മാത്യു, ചെയർമാൻ	14984			14984
2	എം. പി. അയ്യപ്പൻ, മെമ്പർ (Fin)		33751		33751
3	ബി. അമ്പിളി, ഡെപ്യൂട്ടി ഡയറക്ടർ		2800	26	2826
4	ശിവതാണുപിള്ള, കൺസൾട്ടന്റ് (എഞ്ചി.)		220		220
5	ജോൺസൺ ജേക്കബ്, കംപ്ലയൻസ് എക്സാമിനർ		4024		4024
6	പി. വി. പ്രിയേഷ്, പ്യൂൺ	475		223	748
7	കെ. ഒ. അമീർ അലി, ഡ്രൈവർ	3000	250	325	3575
8	കെ. അനിൽകുമാർ, ഡ്രൈവർ	525	275		800
9	ജി. ജയൻ, ഡ്രൈവർ	750			750
10	സി. ബാലകൃഷ്ണൻ, മുൻ ചെയർമാൻ	65005			65005
11	ചന്ദ്രമോഹനൻ, മുൻ ഡ്രൈവർ	525			525
12	കെ. എം. മഹേഷ്, സി.എ. ഓംബുഡ്സ്മാൻ ആഫീസ്	1339			1339
13	രാധാകൃഷ്ണൻ, ഡ്രൈവർ, ഓംബുഡ്സ്മാൻ ആഫീസ്	300			300
				ആകെ	128847

417/13

LIBRARY ARCHIVES Kerala Legislative Assembly

(ഇ) 1998-ലെ റെഗുലേറ്ററി കമ്മീഷൻ നിയമം, കേന്ദ്ര വൈദ്യുതി നിയമം 2003, എന്നിവയനുസരിച്ച് സംസ്ഥാനത്തെ വൈദ്യുതിമേഖലയിലെ റെഗുലേറ്ററി സംവിധാനമെന്ന നിലയ്ക്കാണ് കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിലവിൽ വന്നത്. പ്രസ്തുത നിയമത്തിലെ 86-ാം വകുപ്പ് അനുസരിച്ച് സംസ്ഥാനത്തെ ലൈസൻസികളെയാകമാനം ബാധിക്കുന്ന വിധം ഉപഭോക്തൃ താൽപ്പര്യം മുൻനിർത്തിയാണ് കമ്മീഷന്റെ പ്രവർത്തനം. അതിനാൽ, ബോർഡിന്റെ മാത്രം നേട്ടങ്ങളോ കോട്ടങ്ങളോ ചൂണ്ടിക്കാണിക്കാൻ സാധിക്കില്ല.

(എഫ്) കമ്മീഷന്റെ കീഴിൽ അഞ്ച് വാഹനങ്ങളുണ്ട്.

(1) ഷവർലെ - ക്രൂസ് -1

(2) ഫോർഡ് ഫിയസ്റ്റ - 2

(3) ടാറ്റാ ഇൻഡിഗോ - 2

(ജി)

(1) ശ്രീ. കെ. ജെ. മാത്യൂ, ചെയർമാൻ (മുൻ ചീഫ് സെക്രട്ടറി കേരള)

(2) ശ്രീ. കെ. എസ്. പ്രേമചന്ദ്രകുറുപ്പ്, സെക്രട്ടറി (മുൻ ലേബർ കമ്മീഷണർ, കേരള)

(3) ശ്രീ. സി. സുബ്രഹ്മണ്യൻ അഡ്മിനിസ്ട്രേറ്റീവ് ആഫീസർ (മാനേജർ (റിട്ട.), പോലീസ് ആസ്ഥാനം, തിരുവനന്തപുരം.

(4) ശ്രീ. എൻ. മോഹനകുമാർ, ആഫീസ് സൂപ്രണ്ട് (സീനിയർ സൂപ്രണ്ട് (റിട്ട.) ഡയറക്ടറേറ്റ് ഓഫ് ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ, തിരുവനന്തപുരം.

ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിലുള്ള പോസ്റ്ററുകൾ പിൻവലിക്കാൻ നടപടി

152 (5557) ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ വിവിധ കെ.എസ്.ഇ. ബോർഡ് ഓഫീസുകളിൽ വ്യാപകമായി സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷനെ അപകീർത്തിപ്പെടുത്തുന്ന തരത്തിൽ പോസ്റ്ററുകൾ പതിപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതിനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly